LIBRARY ARCHIVES Kerala Legislative Assembly

ഉഴവൂർ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

86 (91) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഉഴവൂർ സബ് ട്രഷറിയുടെ സ്ഥലം വിട്ടു കിട്ടിയിട്ടുണ്ടോ ; ട്രഷറി നിർമ്മാണത്തിനും ഇതിനോടനുബന്ധിച്ചുള്ള മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനും പി. ഡബ്ല്യു ഡി. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പി ഡബ്ല്യു ഡി ചീഫ് എൻജിനീയറുടെ ഓഫീസിൽ 2015/2471 നമ്പരിൽ നിലവിലുള്ള ഫയൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള കാലതാമസം വ്യക്തമാക്കാമോ ; പ്രസ്തുത ഡി. പി. ആർ. എത്രയും വേഗം സർക്കാരിലേക്ക് അയച്ച് എ. എസ്. നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്ഥലം വിട്ടുകിട്ടിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കെട്ടിടവിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യറാക്കിയ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് 22-4-2015-ൽ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ബജറ്റ് വിഹിതത്തിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നകാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

കാരുണ്യ ലോട്ടറി വഴി പിരിഞ്ഞുകിട്ടിയ തുക

87 (92) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറിവഴി നാളിതുവരെ എത്ര തുകയാണ് പിരിഞ്ഞി കിട്ടിയിട്ടുള്ളത് ;

(ബി) എത്ര തുക രോഗികൾക്കായി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(സി) കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നുമുള്ള സഹായം രോഗികൾക്ക് ലഭ്യമാക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ?